**കേരള സർക്കാർ**
**പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം**
**ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തിനഗർ,**
**തിരുവനന്തപുരം- 695 001**

## പത്രക്കുറിപ്പ്

## പി.ജി.മെഡിക്കൽ കോഴ്സിലേക്കുള്ള പ്രവേശനം 2021
## രണ്ടാംഘട്ട അലോട്ട്മെന്റ് പ്രവേശനതീയതി ദീർഘിപ്പിച്ചിരിക്കുന്നു

പി.ജി. മെഡിക്കൽ കോഴ്സ് 2021-ലേക്കുള്ള രണ്ടാം ഘട്ട അലോട്ട്മെന്റ് ലഭിച്ച കോളേജുകളിൽ നേരിട്ടെത്തി ജോയിൻ ചെയ്യുന്നതിനുള്ള തീയതി **10.03.2022, 2.00 മണി വരെ** ദീർഘിപ്പിച്ചിരിക്കുന്നു.10.03.2022 വൈകുന്നേരം 3.00 മണിക്ക് ബന്ധപ്പെട്ട മെഡിക്കൽ കോളേജുകളിൽ പ്രവേശനം നേടിയ വിദ്യാർത്ഥികളുടെ വിവരങ്ങൾ കോളേജ് പ്രിൻസിപ്പാൾമാർ ഓൺലൈൻ അഡ്മിഷൻ മാനേജ്മെന്റ് സിസ്റ്റം(OAMS) മുഖേന പ്രവേശന പരീക്ഷാ കമ്മീഷണർക്ക് സമർപ്പിക്കേണ്ടതാണ്.

അതോടൊപ്പം തന്നെ അടുത്ത ഘട്ടം (online mop-up) അലോട്ട്മെന്റിനായുള്ള സമയക്രമം താഴെപറയും പ്രകാരം നിശ്ചയിച്ചിരിക്കുന്നു. ഓൺലൈൻ ഓപ്ഷൻ രജിസ്ട്രേഷൻ 15.03.2022 ന് ആരംഭിക്കും. കേരള സ്റ്റേറ്റ് ഒന്നാംഘട്ട അലോട്ട്മെന്റിലും, രണ്ടാം ഘട്ട അലോട്ട്മെന്റിലും അലോട്ട്മെന്റ് ലഭിച്ച് ജോയിൻ ചെയ്തവർക്ക് സീറ്റ് സറണ്ടർ ചെയ്യാൻ (റ്റി.സി വാങ്ങി വിടുതൽ നേടാൻ) ഉള്ള അവസാന സമയം **17.03.2022, വൈകിട്ട് 3 മണി വരെ** ആണ്.പ്രസ്തുത സമയത്തിന് ശേഷം വിടുതൽ നേടുന്നവർക്ക് പ്രോസ്പെക്ടസിലെ 12.2 ലെ വ്യവസ്ഥകൾ ബാധകമായിരിക്കും മോപ്പ് അപ്പ് റൗണ്ടിലേക്കുള്ള അലോട്ട്മെന്റ് 21.03.2022 ന് പ്രസിദ്ധീകരിക്കുന്നതാണ്. ഈ ഘട്ടത്തിന് ശേഷം ഒഴിവു വരുന്ന സീറ്റുകളിലേക്കുള്ള അലോട്ട്മെന്റിന്റെ സമയക്രമം പിന്നീട് പ്രസിദ്ധീകരിക്കുന്നതാണ്.

**ഹെൽപ് ലൈൻ നമ്പർ : 04712525300**

Signature Not Verified
Digitally signed by INBASEKAR K IAS
Date: 2022.03.08 17:01:00 IST
Reason: Approved

**പ്രവേശന പരീക്ഷാ കമ്മീഷണർ**

തിരുവനന്തപുരം
08/03/2022